# Church of God Full Gospel in India, Kerala State
## Church Growth Mission

# സഭാ സ്ഥാപനത്തിൽ പതിനൊന്ന് വർഷങ്ങൾ പിന്നിട്ട് ചർച്ച് ഗ്രോത്ത് മിഷൻ

ഒരു നൂറ്റാണ്ടിന്റെ ചരിത്രം പറയുന്ന കേരള പെന്തക്കോസ്തിന്റെ സുവിശേഷീകരണവും സഭാസ്ഥാപനവും മദ്ധ്യ തിരുവിതാംകൂറിൽ ഒരുങ്ങിയപ്പോൾ, സുവിശേഷീകരണത്തിന്റെ വരണ്ടനിലമായി മാറിയ വടക്ക്, തെക്ക്, കിഴക്ക്, തീരദേശ മേഖലകളിൽ സഭാ സ്ഥാപനമെന്ന ലക്ഷ്യത്തോടെ രണ്ടായിരമാണ്ടിൽ ദൈവസഭ കേരള സ്റ്റേറ്റ് രൂപം നൽകിയ ചർച്ച് ഗ്രോത്ത് മിഷൻ പ്രവർത്തന മേഖലയിൽ പതിനൊന്ന് ആണ്ട് പിന്നിടുകയാണ്.

നിത്യതയിൽ വിശ്രമിക്കുന്ന മുൻ ഓവർസീയർ പാസ്റ്റർ വി. സി. ഇട്ടിയുടെയും ഇപ്പോഴത്തെ ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പിയുടെയും ദർശനത്തിന്റെ സാക്ഷാത്കാരമാണ് ചർച്ച് ഗ്രോത്ത് മിഷൻ. ഇതിന്റെ പ്രഥമ ഡയറക്ടറായി പാസ്റ്റർ എം. കുഞ്ഞപ്പി നിയമിതനാവുകയും വടക്കൻ കേരളത്തിൽ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിക്കുകയും ചെയ്തതിന്റെ ഫലമായി കണ്ണൂർ, കാസർകോട് ജില്ലകളിൽ അനവധി സഭകൾ ആരംഭിക്കുവാൻ കഴിഞ്ഞു. താൻ ദൈവസഭ അസിസ്റ്റന്റ് ഓവർസിയർ ആയി നിയമിതനായപ്പോൾ പാസ്റ്റർ പി.സി. ചെറിയാൻ സി. ജി. എം. ഡയറക്ടറായി ചുമതല ഏറ്റെടുത്തു. കഴിഞ്ഞ ഒൻപത് വർഷം തന്റെ നേതൃത്വത്തിൽ അനവധി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും, അവയെ വളർത്തിയെടുക്കുന്നതിനും ഇടയായി.

ദൈവസഭ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പി (രക്ഷാധികാരി, പാസ്റ്റർ പി. സി. ചെറിയാൻ (ഡയറക്ടർ), പ്രഫസർ എം. കെ. ശമുവേൽ (സെക്രട്ടറി), പാസ്റ്റർ സജി ഏബ്രഹാം (സ്റ്റേറ്റ് കോർഡിനേറ്റർ) എന്നിവരോടൊപ്പം 18 അംഗ സ്റ്റേറ്റ് ബോർഡും അടങ്ങുന്ന ഭരണ സമതിയാണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്



പാസ്റ്റർ എം. കുഞ്ഞപ്പി (സ്റ്റേറ്റ് ഓവർസിയർ)



പാസ്റ്റർ പി. സി. ചെറിയാൻ (ഡയറക്ടർ)



പ്രഫ. എം. കെ. ശമുവേൽ (സെക്രട്ടറി)



പാസ്റ്റർ സജി ഏബ്രഹാം (സ്റ്റേറ്റ് കോ– ഓർഡിനേറ്റർ)

### ലക്ഷ്യം

കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും വാർഡുകൾ തോറും സഭകൾ സ്ഥാപിക്കുകയെന്നതാണ് ദൈവസഭ പ്രവർത്തനങ്ങൾ ഭൂരിഭാഗവും തിരുവന്തപുരം മുതൽ എറണാകുളം വരെയുള്ള ഏഴ് ജില്ലകളിൽ ഒതുങ്ങിയപ്പോൾ തൃശ്ശൂർ മുതലുള്ള ഏഴു ജില്ലകളിലും തെക്കും, കിഴക്കും, തീരദേശത്തും പ്രവർത്തനങ്ങൾ വിരളമായ എല്ലാ മേഖലകളിലും കഴിഞ്ഞ പതിനൊന്ന് വർഷങ്ങൾ കൊണ്ട് കടന്ന് ചെല്ലുവാൻ സി. ജി. എംന് കഴിഞ്ഞു. ഇപ്പോൾ കണ്ണൂർ, കാസർകോഡ്, കോഴിക്കോട് ജില്ലകളിൽ ദൈവസഭയുടെ നാല് സെന്ററുകൾ രൂപീകരിക്കുന്നതിനും വടക്കൻ മലബാറിൽ ദൈവസഭയ്ക്ക് ഒരു വേദ പഠനശാല കണ്ണൂർ പരിയാരത്ത് സ്ഥാപിക്കുന്നതിനും കഴിഞ്ഞു.

### 2012 ലെ പ്രവർത്തനങ്ങൾ

1. സഭകളില്ലാത്ത മേഖലകൾ കണ്ടെത്തി സാധ്യതകൾ പഠിച്ച് തിരഞ്ഞെടുക്കുന്ന അൻപത് സ്ഥലങ്ങളിൽ സഭകൾ ആരംഭിക്കുക. 2. സി. ജി. എം. പ്രവർത്തന മേഖലകളിൽ പരസ്യയോഗങ്ങൾ, മിനി കൺവൻഷനുകൾ ക്രമീകരിക്കുക. 3. സുവിശേഷീകരണത്തിനായ് പ്രവർത്തകരെ ഒരുക്കുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിക്കുക.

### സി. ജി. എമ്മിന്റെ ആവശ്യങ്ങൾ

ഏകദേശം രണ്ട് ലക്ഷത്തോളം രൂപ പ്രതിമാസ സഹായമായി ഇപ്പോൾ പ്രവർത്തന മേഖലകളിൽ നൽകി വരുന്നു. ആത്മാക്കൾ വിടുവിക്കപ്പെടുമ്പോൾ വാടക കെട്ടിടങ്ങൾ ലഭിക്കാതെ വരുന്നതിനാൽ പ്രവർത്തനങ്ങൾ വളരുന്ന സ്ഥലങ്ങളിൽ സ്ഥലം വാങ്ങുക, ആലയം, പാഴ്സണേജ്, സെമിത്തേരി എന്നിവയാണ് അടിയന്താരാവശ്യങ്ങൾ.

സുവിശേഷം എത്തി ചേരാത്ത മേഖലകളിൽ ക്രമീകരിക്കുന്ന മിനി കൺവൻഷനുകൾ ക്രൂസേഡുകൾ ഇവയ്ക്കാവശ്യമായ സാമ്പത്തികം.

ദൈവസഭ സ്റ്റേറ്റ് ഓവർസിയർ സ്റ്റേറ്റ് കൗൺസിൽ എന്നിവരുടെ പിൻതുണയും പ്രോത്സാഹനവുമാണ് സി. ജി. എം. പ്രവർത്തനത്തിന്റെ വിജയത്തിന് കാരണം. ഏവരോടും നന്ദി രേഖപ്പെടുത്തുന്നു. അമേരിക്ക, കുവൈറ്റ്, ദോഹ, ഷാർജ, യു. കെ എന്നിവിടങ്ങളിലും സ്വദേശത്തുമുള്ള ദൈവസഭകൾ, കർത്തൃദാസന്മാർ, ദൈവമക്കൾ എന്നിങ്ങനെ പലരുടെയും സഹകരണമാണ് ഈ പ്രവർത്തനങ്ങളുടെ സാമ്പത്തികാടിത്തറ. ഏവരോടും ഞങ്ങൾക്കുള്ള നന്ദി രേഖപ്പെടുത്തട്ടെ.

തുടർന്നും അനേകം ആത്മാക്കളെ ക്രിസ്തുവിനായി ആദായപ്പെടുത്തുവാൻ നമുക്ക് ദൈവം നൽകിയ നന്മകളും സമയവും പ്രാർത്ഥനയും ഒരുപോലെ പ്രയോജനപ്പെടുത്താം.



കണ്ണൂർ ടൗൺ പാസ്റ്റർ കുര്യൻ ഈപ്പൻ



ചെങ്ങളായി സഭാ വിശ്വാസികൾ പാസ്റ്ററോടും ഡിസ്ട്രിക്ട് കോർഡിനേറ്ററോടും ഒപ്പം കുവൈറ്റ് അഹമദി സഭാ സ്പോൺസർ ചെയ്ത ആലയത്തിനുമുമ്പിൽ



ദോഹ ദൈവസഭ സ്പോൺസർ ചെയ്ത കുടിയാൻമല സഭാഹാൾ നിർമ്മാണത്തിൽ

## സ്പോൺസർമാരെ ആവശ്യമുണ്ട്

സുവിശേഷ പ്രവർത്തനങ്ങളോ സഭകളോ വിരളമായ പ്രദേശങ്ങളെ സുവിശേഷീകരിക്കുക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ പതിനൊന്ന് വർഷമായി കേരളക്കരയിൽ മുന്നേറുന്ന സി. ജി. എം. വടക്ക് തെക്ക് തീരദ്ദേശ മേഖലകളിൽ ഇതിനകം 120 -ൽ പരം പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും അവയിൽ പലതും പ്രതിസന്ധികളുടെ മുമ്പിൽ ഇല്ലാതെയായപ്പോഴും എൺപതിൽപരം സഭകൾ സ്ഥാപിക്കുവാൻ സർവ്വശക്തൻ ഇടയാക്കി. അനുദിന ആവശ്യങ്ങൾ അനവധി ആകയാൽ ദൈവമക്കളുടെ ആത്മാർത്ഥമായ പ്രാർത്ഥനയും സഹകരണവും ഈ പ്രവർത്തനത്തിന് അത്യാന്താപേഷിതമാണ്. ജീവിത ചെലവുകളും, കെട്ടിടങ്ങളുടെ വാടകയും വർദ്ധിക്കുമ്പോൾ തുച്ഛമായ സഹായം ലഭിക്കുന്ന നമ്മുടെ കർത്തൃദാസന്മാർ ഈ പ്രവർത്തന മേഖലകളിൽ ബുദ്ധിമുട്ടനുഭവിക്കുന്നു. പ്രവർത്തനങ്ങൾ വളരുമ്പോൾ നേരിടുന്ന പ്രതികൂലങ്ങൾ നിമിത്തം വർഷത്തിൽ പല പ്രാവശ്യം വാടക കെട്ടിടങ്ങൾ മാറി പാർക്കേണ്ടിവരുന്നതും ഈ പ്രവർത്തന മേഖലകളിൽ ഒരു വെല്ലുവിളിയാണ്. ആകയാൽ വേലകൾ വളരുന്നതിനുസരിച്ച് സ്വന്തമായി സ്ഥലവും ആലയവും ഉണ്ടാകേണ്ടിയിരിക്കുന്നു. ഇതിന്റെ ആഭാവം ഈ മരുഭൂമിയിൽ നിന്ന് നേടിയെടുക്കുന്ന ആത്മാക്കൾ പലപ്പോഴും നഷ്ടപ്പെടുന്നതിന് ഇടവരുത്തുന്നു. വളർച്ചയുടെ പാതയിൽ നിൽക്കുന്ന ചില പ്രവർത്തന മേഖലകൾക്ക് അടിയന്തിരമായി ആലയവും മറ്റും ഉണ്ടാകേണ്ടിയിരിക്കുന്നു. കർത്തൃവേലയെ സ്നേഹിക്കുന്ന ദൈവമക്കൾ ആയതിനായി മുമ്പോട്ടുവരുമല്ലോ.

**പയ്യന്നൂർ:** കഴിഞ്ഞ ആറുവർഷമായി ഈ പട്ടത്തിലെ പ്രവർത്തന ഫലമായി അൻപതിൽപ്പരം ആളുകൾ ആരാധനയിൽ പങ്കെടുത്തുവന്നിരുന്നു. ശക്തമായ എതിർപ്പുകൾ മൂലം പല സ്ഥലങ്ങളിലായി ആരാധന മാറേണ്ടിവന്നു. ആയതുമൂലം പലരും പുറകോട്ട് പോയി. ഈ പട്ടണത്തിൽ ദൈവസഭയ്ക്ക് അടിയന്തിരമായി സ്ഥലവും ആലയവും ആവശ്യമായിരിക്കുന്നു.

**കണ്ണൂർ:** പട്ടണത്തിന്റെ ഹൃദയ ഭാഗത്ത് ദൈവസഭ പ്രവർത്തനം ശക്തമായി വളർച്ചയുടെ പാതയിലാണ്. മുപ്പതിൽപരം പേർ കൂടിവരുന്നു. ഇരുകാലുകൾക്കും സ്വാധീനമില്ലെങ്കിലും ശാരീരിക വൈകല്യങ്ങളെ മറന്ന് വിളിച്ചവനായി വേല ചെയ്യുന്ന പാസ്റ്റർ കുര്യൻ ഈ സഭയെ നയിക്കുന്നു. ഈ പട്ടണത്തിലും ഒരാലയം ഉണ്ടാകണം. ധാരാളം സാമ്പത്തികം ആവശ്യമുള്ള ഒരു പ്രൊജക്റ്റാണിത്. ഏവരുടെയും പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു.

**അന്യാർതൊളു:** ഇടുക്കി ജില്ലയിൽ ശക്തമായി വളരുന്ന ഒരു പ്രവർത്തനമാണിത്. കുടിയേറ്റ മേഖലയായ ഇവിടെ അറുപതിൽ പരം പേർ ആരാധനയിൽ പങ്കെടുക്കുന്നു. സ്വന്തമായ ആലയം ഇല്ലാത്തതിനാൽ ഇവിടെയും പലരും പുറകോട്ട് പോയി. സി. ജി. എമ്മിന്റെ ചുമതലയിൽ ഒരു തയ്യൽ പരിശീലന കേന്ദ്രവും ഇവിടെ പ്രവർത്തിക്കുന്നു. ഈ സ്ഥലത്തും സ്വന്തമായ ആലയം ഉണ്ടാകേണ്ടിയിരിക്കുന്നു.

ഈ പ്രവർത്തനങ്ങളെ സഹായിക്കുവാൻ താല്പര്യപ്പെടുന്നവർ:

**Church of God in India, Church Growth Mission**
**Mulakkuzha P.O, Chenganoor, Kerala - 689 505**

ഈ വിലാസത്തിൽ ബന്ധപ്പെടുക.

## ഡയറക്ടറുടെ കത്ത്

ബഹുമാന്യ ദൈവദാസന്മാർക്കും എല്ലാ ദൈവമക്കൾക്കു ക്രിസ്തു യേശുവിന്റെ നിസ്തുല്യ നാമത്തിൽ സ്നേഹവന്ദനം.

“ഞാൻ എന്റെ സഭയെ പണിയും പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല”. ക്രിസ്തുവിന്റെ ഹൃദയത്തിലെ മർമ്മമായ സഭ ഭൂമിയിൽ വെളിപ്പെട്ടതു മുതൽ പല വെല്ലുവിളികളെയും അതിജീവിക്കേണ്ടിവന്നെങ്കിലും ഇന്നും പാതാള ഗോപുരങ്ങൾ അതിനെ ജയിപ്പാൻ അനുവദിക്കാത്ത നാഥന്റെ പരിപാലനം, കഴിഞ്ഞ പതിറ്റാണ്ടുകളിൽ ചർച്ച് ഗ്രോത്ത് മിഷന് അനുഭവിപ്പാൻ ഇടയായതിൽ ദൈവത്തെ സ്തുതിക്കുന്നു.

വടക്കൻ ജില്ലകളിൽ ഉൾപ്പെടെ പ്രവർത്തനങ്ങൾ വിരളമായ മേഖലകളിൽ സഭ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ രണ്ടായിരമാണ്ടിൽ ദൈവസഭ രൂപം നൽകിയ ചർച്ച് ഗ്രോത്ത് മിഷൻ പിന്നിട്ട കാലങ്ങളെ തിരിഞ്ഞുനോക്കുമ്പോൾ ദൈവീക പരിപാലനത്തിന്റെ വിവധാനുഭവങ്ങൾ ഓർത്ത് അത്യുന്നതന് നന്ദി കരേറ്റുന്നു. പ്രതികൂലങ്ങൾ നിറഞ്ഞ, പെന്തക്കോസ്ത് എന്തെന്ന് അറിയാത്ത കേരളത്തിന്റെ വിപ്ലവ ഭൂമി എന്ന് അറിയപ്പെടുന്ന കണ്ണൂർ, കാസർകോഡ്, കോഴിക്കോട് മേഖലകൾ ഉൾപ്പെടെ കേരളത്തിന്റെ വിവിധ ഇടങ്ങളിൽ സഭകൾ സ്ഥാപിക്കുവാൻ സർവ്വശക്തൻ ഇടയാക്കി.

സ്ഥാപിത വർഷം മുതൽ രണ്ടു വർഷം ഡയറക്ടർ ആയിരുന്ന ദൈവസഭാ ഓവർസിയർ റവ. എം. കുഞ്ഞപ്പി വടക്കൻ ജില്ലകളിലും മറ്റും പ്രവർത്തനങ്ങൾക്ക് ആരംഭംകുറിച്ചു. 2002 ൽ ഞാൻ സി. ജി. എം. ഡയറക്ടറായി ചുമതല ഏറ്റെടുത്ത നാൾമുതൽ അനവധി പ്രവർത്തനങ്ങൾ മലബാറിലും മറ്റു സ്ഥലങ്ങളിലും ആരംഭിച്ച് അവയെ വളർത്തി എടുക്കുന്നതിന് ദൈവം ഇടയാക്കി. കഴിഞ്ഞ 11 വർഷങ്ങളായി ഏകദേശം 120 ൽ പരം സഭകൾ സ്ഥാപിക്കുവാൻ കഴിഞ്ഞു, അവയിൽ പലയിടത്തും സ്ഥലങ്ങളും ആലയങ്ങളും പാഴ്സണേജുകളും സെമിത്തേരിയും വാങ്ങുന്നതിനും കണ്ണൂർ പരിയാരത്ത് മലബാറിന്റെ വേലയ്ക്കായി സുവിശേഷകരെ പരിശീലിപ്പിക്കുന്നതിന് ഒരു ബൈബിൾ കോളജും സ്ഥാപിക്കുവാൻ കഴിഞ്ഞു.

ആത്മാക്കൾ പ്രവർത്തന സ്ഥലങ്ങളിൽ വിടുവിക്കപ്പെട്ടു തുടങ്ങുമ്പോൾ പല സ്ഥലങ്ങളിലും എതിർപ്പുകൾ വർദ്ധിക്കുകയും തന്മൂലം വാടകകെട്ടിടങ്ങൾ ഒഴിയേണ്ടതായും വരുന്നു. ഇത് നമ്മുടെ പ്രവർത്തനത്തിനൊരുതടസ്സമാണ്. പ്രവർത്തന മേഖലകളിൽ വിജയ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ സ്വന്തമായി ഒരു സ്ഥലം എന്നതിന് മുൻഗണന നൽകിയെങ്കിൽ മാത്രമേ ഈ പ്രവർത്തനങ്ങൾ വിജയിക്കുകയുള്ളൂ.

പ്രതിമാസം സി. ജി. എം. ഡിപ്പാർട്ടുമെന്റ് ഏകദേശം ഒന്നേമുക്കാൽ (1,75,000) ലക്ഷത്തോളം രൂപ സഹായം, വാടക എന്നീ ഇനത്തിൽ നൽകുന്നു, വിദേശ സഭകളും സ്വദേശത്തുള്ള ദൈവമക്കളും നൽകുന്ന ഭൗതിക കൂട്ടായ്മകളാണ് ഇതിന്റെ മൂലധനം. കൂട്ടായ്മ കാണിക്കുന്ന ഏവരോടും നന്ദി അറിയിക്കുന്നു.

വേലവലിയതും വിശാലവുമാകയാൽ സുവിശേഷ വയലിലേക്ക് സമർപ്പണമുള്ള ഉത്സാഹികളായ വേലക്കാരെ നമുക്ക് ആവശ്യമായിരിക്കുന്നു. അതോടൊപ്പം പ്രവർത്തനങ്ങളെ സഹായിക്കാൻ താല്പര്യമുള്ള ദൈവസഭകളും ദൈവജനവും ഈ നല്ല പ്രവൃത്തിക്കായി മുമ്പോട്ട് വരണം.

ഈ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ കാലങ്ങളിൽ എനിക്കുവേണ്ട സഹായങ്ങൾ ചെയ്തുതന്ന മുൻ ഓവർസിയറും നാഷണൽ റപ്രസെന്റേറ്റീവുമായ റവ. കെ. സി. ജോൺ, ഓവർസിയർ റവ. എം. കുഞ്ഞപ്പി, കൗൺസിൽ അംഗങ്ങൾ, സി. ജി. എം. സെക്രട്ടറി പ്രൊഫ. എം. കെ. സാമുവേൽ, കോ-ഓർഡിനേറ്റർ പാ. സജി. ഏബ്രഹാം, സി. ജി. എം. ബോർഡ് അംഗങ്ങൾ എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

കർത്തൃവേലയിൽ ധീരതയോടെ ആത്മാക്കളുടെ രക്ഷയ്ക്കായി പോരാടാം. ആയതിനായി സർവ്വശക്തൻ നമ്മെ ഇടയാക്കട്ടെ.

എന്ന് ക്രിസ്തുവിൽ
പാ. പി. സി. ചെറിയാൻ

## സി. ജി. എം. ബോർഡ് മെമ്പേഴ്സ്

1. പാസ്റ്റർ ഈപ്പൻ ചെറിയാൻ
2. പാസ്റ്റർ ജി. അലക്സ്
3. പാസ്റ്റർ സജി ജോർജ്ജ്
4. പാസ്റ്റർ മാത്യു കെ. ഫിലിപ്പ്
5. പാസ്റ്റർ റ്റി. എം. മാമ്മച്ചൻ
6. പാസ്റ്റർ സി. എസ്. ഈശോ
7. പാസ്റ്റർ ബാബു ഇടിക്കുള
8. പാസ്റ്റർ റ്റി. സി. ചെറിയാൻ
9. പാസ്റ്റർ ലാലി ഫിലിപ്പ്
10. പാസ്റ്റർ തോമസ് ജോർജ്ജ്
11. ബ്രദർ ജോൺ. പി. നൈനാൻ
12. ബ്രദർ കെ. ഏബ്രഹാം
13. ബ്രദർ ജോസഫ് മറ്റത്തുകാല
14. ബ്രദർ കെ. ഏബ്രഹാം
15. ബ്രദർ കെ. വി. ഫിലിപ്പ്
16. ബ്രദർ സി. ജി. സാംകുട്ടി
17. ബ്രദർ പി. എം. യേശുദാസ്
18. ബ്രദർ റ്റി. എം. മാത്യു



പരിയാരം മൗണ്ട് പാരാൻ ബൈബിൾ സെമിനാരി



പരിയാരം സഭാ പാഴ്സനേജ് പണിപുരോഗമിക്കുമ്പോൾ



ബൈബിൾ വിതരണം ചെയ്യുന്നു



ആത്മാക്കളുടെ വിടുതലിനായി കർത്തൃദാസന്മാർ പ്രാർത്ഥനയെടെ



കണ്ണൂർ സെന്റർ കൺവൻഷൻ
പാസ്റ്റർ പി. സി. ചെറിയാൻ പ്രസംഗിക്കുന്നു

### ആശംസകൾ



റവ. എം. കുഞ്ഞപ്പി
സ്റ്റേറ്റ് ഓവർസിയർ

സുവിശേഷം അറിയിക്കുകയെന്നത് ക്രിസ്തുവിന്റെ മഹത്തായ നിയോഗമാണ്. സുവിശേഷീകരണം ഒരു സഭയുടെ ഹൃദയമിടിപ്പാണ്. സുവിശേഷീകരണം ഇല്ലാത്ത സഭ ദർശനം ഇല്ലാത്ത സഭയാണ് സുവിശേഷ പ്രവർത്തനങ്ങളാണ് യഥാർത്ഥ ഉണർവ്വിന്റെ ലക്ഷണം. ഇതാണ് ദൈവസഭയെ ചലനാത്മകമാക്കുന്നത്. ഈ ദൗത്യമാണ് ചർച്ച് ഗ്രോത്ത് മിഷൻ ഏറ്റെടുത്തിരിക്കുന്നത്. ഇതിന്റെ പ്രഥമ ഡയറക്ടറായി പ്രവർത്തിപ്പാൻ ദൈവം എനിക്കും അവസരം തന്നു. ഇന്നു ദൈവസഭയ്ക്ക് കൂടിവരവുകളുള്ള പല വേല സ്ഥലങ്ങളും കണ്ടെത്തുന്നതിനും അവിടെ എന്റെ കൂട്ടു പ്രവർത്തകരോടൊപ്പം ദിനരാത്രങ്ങൾ വേല ചെയ്യുന്നതിനും ഇടയായി. അവിടെയെല്ലാം ദൈവം ആത്മാക്കളെ തന്നു സഭയെ വളർത്തി. ദൈവസഭയ്ക്ക് അഭിമാനിക്കത്തക്ക കൂടിവരവുകളായിമാറി. “എനിക്ക് സഫലവും വിശാലവുമായ വാതിൽ തുറന്നിരിക്കുന്നു. എതിരാളികളും പലരുണ്ട്” എതിർപ്പുകളെ അതിജീവിച്ച് മിഷൻ പ്രവർത്തനങ്ങൾ അതിന്റെ ലക്ഷ്യത്തിലെത്തട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ഡയറക്ടർ പാസ്റ്റർ പി. സി. ചെറിയാനും കൂട്ടുപ്രവർത്തകർക്കും ആശംസകൾ നേരുന്നു.

### ആശംസകൾ



റവ. കെ.സി.ജോൺ
നാഷണൽ റെപ്രസെന്റേറ്റീവ്

ഊഷരമായ ഉത്തരകേരളത്തിന്റെ മണ്ണിൽ കഴിഞ്ഞ പതിറ്റാണ്ടുകളിലായി നിത്യതയുടെ വിത്തുവിതയ്ക്കുന്ന സി. ജി. എമ്മിന്റെ പ്രവർത്തനങ്ങൾ വളരെ ശ്ലാഘനിയമാണ്. ഈ മേഖലയിൽ ദൈവസഭാ പ്രവർത്തനങ്ങൾ വളരെ മുന്നേറ്റത്തിലാണ്. വരും വർഷങ്ങളിൽ വടക്കൻ ജില്ലയുടെ ഇതര ഗ്രാമങ്ങളിലേക്ക് പ്രവർത്തനങ്ങൾ വ്യാപിക്കുമെന്ന് പ്രത്യാശിക്കുന്നു. പാസ്റ്റർ പി. സി. ചെറിയാന്റെ നേതൃത്വത്തിൽ സുധീരമായ പ്രവർത്തനങ്ങളാണ് ഈ ഡിപ്പാർട്ടുമെന്റിൽ നടന്നുവരുന്നത്. നാളെകളിൽ വർദ്ധിത വീര്യത്തോടെ മിഷൻ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കാൻ സി. ജി. എം. പ്രവർത്തകർക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

### ആശംസകൾ



റവ. പി. ജെ. ജെയിംസ്
എഡ്യുക്കേഷൻ ഡയറക്ടർ

സുവിശേഷീകരണം ദൈവസഭയുടെ ജീവനാഡിയാണ്. ‘സുവിശേഷം അറിയിക്കുന്നില്ലെങ്കിൽ എനിക്ക് അയ്യോ കഷ്ടം.‘ മധ്യകേരളത്തിൽ നിന്ന് ദൈവസഭാ പ്രവർത്തനത്തെ അതിർത്തി ജില്ലകളിലേക്ക് വ്യാപിപ്പിച്ചത് സി. ജി. എം. ഡിപ്പാർട്ട്മെന്റ് ആണ്. വളരെ സാമ്പത്തിക ബാദ്ധ്യതയുള്ള ശ്രമകരമായ ഈ ദൗത്യം ഏറ്റെടുത്ത് പാ. പി. സി. ചെറിയാൻ അഭിനന്ദനം അർഹിക്കുന്നു. മലബാറിൽ ദൈവസഭയ്ക്ക് സ്വന്തമായി സ്ഥാപനങ്ങളും സ്ഥലങ്ങളും ഉണ്ടാക്കുവാൻ കഴിഞ്ഞത് അഭിമാനകരമാണ്. വരും വർഷങ്ങളിൽ സംഖ്യാപരവും ഗുണപരവുമായ വളർച്ച നേടട്ടെ എന്ന് പ്രത്യാശിക്കുന്നു. കൊയ്ത്ത് വളരെയുണ്ട്. വേലക്കാരോ ചുരുക്കം. കൊയ്ത്തിന്റെ യജമാനനോട് വേലക്കാർക്കായ് അപേക്ഷിക്കാം സി. ജി. എം. ന് നിസ്സാമമായ ആശംസകൾ.